**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 641** **06-12-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്ന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്നായി യഥാക്രമം 7, 1 അപേക്ഷകൾ ലഭിച്ചിരുന്നു. |
| (ബി) | ഇതിൽ ഏതെല്ലാം സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ; | (ബി) | കോട്ടയം ജില്ലയിൽ നിന്നുള്ള ഇൻഡ്യൻ വിർജിൻ സ്പൈസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഡവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. |
| (സി) | അനുമതി നൽകാത്ത എത്ര അപക്ഷേകൾ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കുമോ; അനുമതി നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | കോട്ടയം, ആലപ്പുഴ ജില്ലകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ യഥാക്രമം 6-ഉം, 1-ഉം അപേക്ഷകൾക്ക് ഡെവലപ്പർ പെർമിറ്റിന് അനുമതി ലഭിച്ചില്ല.<br><br>കോട്ടയം ജില്ലയിൽ നിന്നും ലഭിച്ച 3 അപേക്ഷകളിൽ പരാമർശിച്ചിരിക്കുന്ന ഭൂമി, കേരള ലാൻഡ് റിഫോംസ് ആക്ട്-സെക്ഷൻ 81 പ്രകാരം ഒഴിവാക്കപ്പെട്ടവയായതിനാൽ മൂന്ന് അപേക്ഷകളും മാറ്റിവയ്ക്കപ്പെട്ടു. മറ്റ് 2 അപേക്ഷകൾ അടുത്ത സ്റ്റേറ്റ് ലവൽ സെലക്ഷൻ കമ്മിറ്റിയിൽ വയ്ക്കുന്നതിനുള്ള നടപടികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ സ്വീകരിച്ച് വരുന്നു. കൂടാതെ ഒരു അപേക്ഷ പരിഗണനാർഹമല്ല എന്ന് സൈറ്റ് സെലക്ഷൻ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ആലപ്പുഴ ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ പരാമർശിത ഭൂമിയ്ക്ക് കേരള ലാൻഡ് റിഫോംസ് ആക്ടിൽ ഇളവ് ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതിനായി മാറ്റി വച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ